**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 32** **01-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാകേണ്ട അപേക്ഷകൾ എത്രയെന്ന് ജില്ല അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;</td><td>(എ)</td><td>സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭ്യമാകേണ്ട അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>വിവിധ പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച അപേക്ഷകളുടെ എണ്ണം</th><th>ജില്ലാതല കമ്മിറ്റിയിൽ നിന്നും ലഭിച്ച അപേക്ഷകളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>22</td><td>44</td></tr>
<tr><td>കൊല്ലം</td><td>17</td><td>54</td></tr>
<tr><td>ആലപ്പുഴ</td><td>20</td><td>458</td></tr>
<tr><td>എറണാകുളം</td><td>14</td><td>151</td></tr>
<tr><td>കോട്ടയം</td><td>0</td><td>1</td></tr>
<tr><td>തൃശ്ശൂർ</td><td>12</td><td>57</td></tr>
<tr><td>മലപ്പുറം</td><td>11</td><td>0</td></tr>
<tr><td>കോഴിക്കോട്</td><td>25</td><td>150</td></tr>
<tr><td>കണ്ണൂർ</td><td>21</td><td>92</td></tr>
<tr><td>കാസർഗോഡ്</td><td>12</td><td>29</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത അപേക്ഷകളിന്മേൽ എന്നത്തേയ്ക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ;</td><td>(ബി)</td><td>കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി അവസാനിച്ചതിനാൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുതിയ കമ്മിറ്റി പുന:സംഘടിപ്പിക്കുന്ന മുറയ്ക്ക് അപേക്ഷകളിൽ തീരുമാനം കൈകൊള്ളുന്നതാണ്.</td></tr>
<tr><td>(സി)</td><td>സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി അവസാനിച്ചിട്ടുണ്ടോ;</td><td>(സി)</td><td>കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 30.09.2019 ലെ SO 3903 (E) നം. വിജ്ഞാപന പ്രകാരം പുന:സംഘടിപ്പിച്ച കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 29.10.2022 ന് അവസാനിച്ചു.<br><br>കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുന:സംഘടിപ്പിക്കുന്നതിനായി അംഗങ്ങൾ, വിദഗ്ദ്ധ അംഗങ്ങൾ, നിയമ വിദഗ്ദ്ധൻ, സന്നദ്ധ സംഘടനാംഗം എന്നിവരുടെ ഒരു പാനൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന</td></tr>
</table>

| | | | |
|---|---|---|---|
| | എങ്കിൽ എന്നെന്ന് വ്യക്തമാക്കുമോ; | | മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം തീരദേശ പരിപാലന അതോറിറ്റി പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ഡി) | അതോറിറ്റി പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുളള നടപടി വിശദമാക്കുമോ; | (ഡി) | കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 30.09.2019 ലെ SO 3903 (E) നം. വിജ്ഞാപന പ്രകാരം പുന:സംഘടിപ്പിച്ച കേരള തീരദേശ പരിപാലന അതോറിറ്റിയുടെ കാലാവധി 29.10.2022 ന് അവസാനിച്ചു.<br><br>കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുന:സംഘടിപ്പിക്കുന്നതിനായി അംഗങ്ങൾ, വിദഗ്ധ അംഗങ്ങൾ, നിയമ വിദഗ്ധൻ, സന്നദ്ധ സംഘടനാംഗം എന്നിവരുടെ ഒരു പാനൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം തീരദേശ പരിപാലന അതോറിറ്റി പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്. |
| (ഇ) | വൈപ്പിൻ നിയോജകമണ്ഡലത്തിൽ നിന്ന് സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾക്ക് അനുമതി നൽകേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ഇ) | അതാത് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി മുഖേനയാണ് തീരദേശ പരിപാലന അതോറിറ്റിയുടെ സംസ്ഥാന കമ്മിറ്റി/ജില്ലാതല കമ്മിറ്റികളിൽ അപേക്ഷകൾ ലഭിക്കുന്നത്. ആയതിനാൽ നിയോജകമണ്ഡല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ